പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 372 — 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിൻെറ നഷ്ടം പരിഹരിക്കാൻ നടപടി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിന് റഗുലേറ്ററി കമ്മീഷൻെറ അഭിപ്രായ പ്രകാരം 2011-2012-ൽ എത്ര കോടി രൂപയുടെ നഷ്ടം വരുമെന്നാണ് അറിയിച്ചിട്ടുള്ളത് ; | (എ) | സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 2011 ജൂൺ 1ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വൈദ്യുതി ബോർഡിൻെറ 2011-12 കാലയളവിലെ റവന്യൂ കമ്മി 887.81 കോടി രൂപയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | 2010-2011 വർഷത്തെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ അധിക നഷ്ടമാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 2010-11 കാലയളവിലേക്ക് കണക്കാക്കിയിരുന്ന റവന്യൂ കമ്മി 457.47 കോടി രൂപയാണ്. എന്നാൽ ബോർഡിൻെറ വാർഷിക കണക്കുകൾ പ്രകാരം റവന്യൂകമ്മി 1404.19 കോടി രൂപയാണ്. |
| (സി) | വൈദ്യുതി ബോർഡിന് 2012-2013-ൽ എത്ര കോടി രൂപ നഷ്ടം വരാമെന്ന് പ്രതീക്ഷിക്കുന്നു ; വിശദാംശം വ്യക്തമാക്കുമോ ; | (സി) | കെ. എസ്.ഇ.ബി റഗുലേറ്ററി കമ്മീഷനു മുമ്പിൽ സമർപ്പിച്ചിട്ടുള്ള 2012-13 ലേയ്ക്കുള്ള അഗ്രിഗേറ്റ് റവന്യൂ റിക്വയർമെൻറ് ആൻറ് എക്സ്പെക്ടഡ് റവന്യൂ ഫ്രം ചാർജസ് (എ. ആർ. ആർ. ആൻറ് ഇ. ആർ. സി) പെറ്റീഷൻ പ്രകാരം ബോർഡിൻെറ റവന്യൂ കമ്മി 3240.25 കോടി രൂപ വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇപ്രകാരമുള്ള നഷ്ടം പരിഹരിയ്ക്കുവാൻ റഗുലേറ്ററി കമ്മീഷൻ എന്തൊക്കെ ശുപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | റവന്യൂ കമ്മി നികത്തുന്നതിന് പര്യാപ്തമായ നടപടികൾ സമർപ്പിക്കണമെന്ന നിർദ്ദേശമാണ് റഗുലേറ്ററി കമ്മീഷൻ കെ. എസ്. ഇ. ബിയ്ക്ക് നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.